# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3441      19.10.16 -ൽ മറുപടിക്ക്

## ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പ്രദേശങ്ങളിലെ കടലാക്രമണ ഭീഷണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം.ജോൺ | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പ്രദേശങ്ങൾ രൂക്ഷമായ കടലാക്രമണഭീഷണി നേരിടുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രദേശങ്ങളിൽ കടൽഭിത്തി /പുലിമുട്ട് നിർമ്മാണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി പാവപ്പെട്ട മത്സ്യതൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ;നിലവിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; | (ബി) കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഐ.ഐ.റ്റി, ചെന്നൈയുടെ പഠന റിപ്പോർട്ട് പ്രകാരം ആറാട്ടുപുഴയിൽ 20.36 കോടി രൂപ അടങ്കൽ തുകയിൽ 23 പുലിമുട്ടുകൾക്കും വട്ടച്ചാലിൽ 15.78 കോടി രൂപ അടങ്കലിൽ 16 പുലിമുട്ടുകൾക്കും വലിയഴീക്കലിൽ 2.96 കോടിരൂപ അടങ്കൽ തുകയിൽ 4 പുലിമുട്ടുകൾക്കും തൃക്കുന്നപ്പുഴയിൽ 15.23 കോടി രൂപ അടങ്കൽ തുകയിൽ 13 പുലിമുട്ടുകൾക്കും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) നിലവിലുള്ള കടൽഭിത്തി/പുലിമുട്ട് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ച് ബലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഈ നിർദ്ദേശം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ